കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി1-61/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477-2252753
ഇ-മെയിൽ: ddhglfalpy@gmail.com

തീയതി. 07.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചമ്പക്കുളം ഗ്രാമപഞ്ചായത്ത്-2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി1-61/2019 തീയതി, 07.02.2019

.
.

# ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 06.08.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 10.01.2019 മുതൽ<br>19.01.2019 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജശ്രീ.വി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജാക്വിലിൻ.പി.ഡബ്ല്യു,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രാജിമോൾ.പി.സി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.ജോർജ്മാത്യൂ,പഞ്ഞിമരം | 01.04.2017 മുതൽ 31.03.2018വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.ആഷ്‌ലി നായർ | 01.04.2017 മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.മോളി അലക്സ് | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | ശ്രീ.മാത്യൂ.കെ,എം | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.മിനി ജയിംസ് | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ കാര്യം വിദ്യാഭ്യാസകാര്യം | ശ്രീമതി.സന്തോഷ് കുമാരി ബാബു | 01.04.2017മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ആനി മാത്യൂ | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.റാണിഗോപിനാഥ്. വി | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഗിരിജാദേവി | 01.04.2017മുതൽ 30.11.2017 വരെ |
| | | ശ്രീമതി.സിന്ധു ജിങ്ക ചാക്കോ | 1.12.2017 മുതൽ 31.03.2018വരെ |
| 4 | വി.ഇ.ഒ തെക്കേക്കര | ശ്രീമതി.സുമ.പി. | 01.04.2017മുതൽ 20. 7.12017 വരെ |
| | | ശ്രീമതി.ഷെറീന (ചാർജ്) | 21.7.2017 മുതൽ 31.7.2017 വരെ |
| | | ശ്രീ.രാജേഷ്.എസ്.ജെ | 1.8.2017 മുതൽ 31.3.18 വരെ |

| | | | |
|---|---|---|---|
| | വി.ഇ.ഒ. ചമ്പക്കുളം | ശ്രീമതി.ഷെറീന | 01.04.2017മുതൽ 22.08.2017 വരെ |
| | | ശ്രീ.രാജേഷ്.എസ്.ജെ(ചാർജ്) | 23.08.2017 മുതൽ 31.10.2017 വരെ |
| | | ശ്രീമതി.ബോബിമോൾ.കെ.ബി. | 01.11.17 മുതൽ 31.03.2018വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ജയലക്ഷ്മി ജയപ്രകാശ് | 01.04.2017മുതൽ 27.07.2017 വരെ |
| | | ഡോ.സ്മിത സെബാസ്റ്റ്യൻ | 28.07.2017 മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സ്മിത.എം.നായർ | 01.04.2017മുതൽ 03.07.2017 വരെ |
| | | ഡോ.ജോഷ്മി പ്രതാപൻ | 04.07.2017 മുതൽ 31.03.2018 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ചിന്നദുരൈ | 01.04.2017 മുതൽ 04.11.2017 വരെ |
| | | ഡോ.ജീവൻകുമാർ | 05.11.2017 മുതൽ 31.03.2018 വരെ |
| 8 | ഹെഡ്മാസ്റ്റർ (ഗവ.എൽപി.എസ്. | ശ്രീ.മനു.ടി | 01.04.2017മുതൽ 31.03.2018 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ബിന്ദുമോൾ.കെ.കെ | 01.04.2017 മുതൽ 31.03.2018വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോൺ.പി.ജോസഫ് | 01.04.2017 മുതൽ 02.05.2017വരെ |
| | | ശ്രീ.രാജേന്ദ്രൻ.ജി. | 03.05.2017 മുതൽ 20.01.2018 വരെ |
| | | ശ്രീമതി.ജയന്തി ഗോപാലകൃഷ്ണൻ | 24.01.2018 മുതൽ 31.03.2018വരെ |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.സൽമ | 01.04.2017 മുതൽ 30.11.2017 വരെ |
| | | ശ്രീമതി.സിനി.എസ്.നായർ | 01.12.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | കെട്ടിടനികുതി നിർണ്ണയത്തിലെ അപാകത |
| 3 | 2-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 4 | 2-3 | ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല. |
| 5 | 2-4 | രേഖകൾ ലഭ്യമല്ല |
| 6 | 2-5 | പൊതുമരാമത്ത് പ്രവൃത്തികൾ - ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല |
| 7 | 2-6 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. |
| 8 | 2-7 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പലിശ ലഭിക്കാത്തത് സംബന്ധിച്ച് |
| 9 | 2-8 | പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു |
| ഭാഗം 3 | | |
| 10 | 3-1 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല. |
| 11 | 3-2 | മാലിന്യസംസ്കരണം - സമഗ്രപദ്ധതി ആവിഷ്കരിക്കാതെ പദ്ധതി നടപ്പാക്കി |
| 12 | 3-3 | ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർമാർക്ക് അധിക തുക നൽകി |
| 13 | 3-4 | നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ് |
| 14 | 3-5 | ബിറ്റുമിൻ ബാരൽ വില ബില്ലിൽ കുറവ് ചെയ്തില്ല - കൺവീനർമാർക്ക് അധിക തുക നൽകി |
| 15 | 3-6 | ഹയർസെക്കന്ററി തുല്യത കോഴ്സ് -മുഴുവൻ പേരും ഒന്നാം ഘട്ട പരീക്ഷ എഴുതിയില്ല |
| 16 | 3-7 | കാർഷിക കർമ്മസേനയ്ക്ക് ബ്രഷ് കട്ടർ-- ഉപകരണം ഉപയോഗിച്ചിട്ടില്ല:പദ്ധതിയിൽ അപാകതകൾ |

| | | |
|---|---|---|
| 17 | 3-8 | അഗതി ആശ്രയപദ്ധതി--വികസനഫണ്ട് സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. |
| 18 | 3-9 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:- |
| 19 | 3-10 | ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല |
| 20 | 3-11 | മരുന്ന് വാങ്ങൽ-സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല |
| 21 | 3-12 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ, കാർഷിക പദ്ധതികളുടെ വിതരണരേഖകൾ-പ്രളയത്തിൽ നഷ്ടപ്പെട്ടു |
| 22 | 3-13 | വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ മുട്ടക്കോഴി വിതരണം പദ്ധതി- പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചില്ല |
| 23 | 3-14 | അങ്കണവാടികളുടെ പ്രവർത്തനം ഫലപ്രദമാക്കുവാൻ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ് |
| 24 | 3-15 | നോൺബാങ്കിംഗ് ട്രഷറി- നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്ലാൻ അക്കൗണ്ടിൽ (ബാങ്ക്) ശേഷിക്കുന്ന തുക തിരിച്ചടച്ചില്ല |
| ഭാഗം4 | | |
| 25 | 4-1 മുതൽ 4-10 വരെ | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 27 | അനുബന്ധം2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 16,45, 52,000 | 16,72,51,800 |
| വാർഷിക കണക്ക് പ്രകാരം | 4,28,93,848 | 4,04,70,260 |

ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
4. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 24.5.2018 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം./ തീയതി | പരാമർശം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(20) /2018/01.08.18 | വിശേഷണങ്ങളോട് കൂടിയത്. |

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5390703 |
| വരവ് | 42893848 |
| ആകെ | 48284551 |
| ചെലവ് | 40470260 |
| നീക്കിയിരിപ്പ് | 7814291 |

1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10695430 | 10695430 | 8202120 | 2493310 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2873982 | 2873982 | 2873982 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2679447 | 2679447 | 2385586 | 293861 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3909527 | 3909527 | 3702811 | 206716 |
| സെൻട്രൽ ഫിനാൻസ് | 0 | 5580151 | 5580151 | 5578186 | 1965 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | |
| കെ.എൽ.എസ്.ജി. ഡി പി | 0 | 2495213 | 2495213 | 1547560 | 947653 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 904907 | 7575100 | 8475007 | 6775486 | 1699521 |
| എസ്.ബി.ഐ ലിറ്ററസി | 102156 | 5565 | 107721 | 0 | 107721 |
| എസ് ബി റ്റി പ്ലാൻ | 253472 | 9442 | 262914 | 0 | 262914 |
| എം.എൻ.ആർ.ഇ. ജി. എസ് | 33979 | 1054249 | 1088228 | 981792 | 106436 |
| എസ്.ബി.ഐ(Total Sanitation) | 426568 | 1311799 | 1738367 | 152000 | 1586367 |
| കുട്ടനാട് പാക്കേജ് | 254583 | 0 | 254583 | 0 | 254583 |
| കറന്റ് അക്കൗണ്ട് | 0 | 20396 | 20396 | 649 | 19747 |
| ബി ഫണ്ട് | 0 | 616730 | 616730 | 616730 | 0 |
| തനത് ഫണ്ട് | 3179608 | 8044284 | 11223892 | 7466986 | 3756906 |
| ക്യാഷ് (തനത്) | 228372 | 12770 | 241142 | 228372 | 12770 |
| എ എൻ ലക്ഷം വീട് | 7058 | 268 | 7326 | 0 | 7326 |
| ആകെ | 5390703 | 46879353 | 52270056 | 40512260 | 11757796 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 152 | 45830166 | 101 | 25171780 | 30 | 21 | 66.44 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 33979 | 1054249 | 1088228 | 981792 | 106436 |
| ഗുണഭോക്താക്കൾക്ക് | 0 | 17955183 | 17955183 | 17955183 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 33979 | 19009432 | 19043411 | 18936975 | 106436 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45600 | 72 |
| കർഷകതൊഴിലാളി പെൻഷൻ | 12156600 | 1022 |
| വിധവാപെൻഷൻ | 4530300 | 385 |
| വാർദ്ധക്യകാലപെൻഷൻ | 9205000 | 726 |
| വികലാംഗപെൻഷൻ | 2350600 | 196 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 265800 | 31 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 60000 | 2 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1771/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും

താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
10. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7/12/2018 | 11/2018 | 27/12/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8/3/2016-19/3/2016 | 2010-11-2014/15 | 10/5/2016 |

1-12 വാർഷിക കണക്കിലെ അപാകതകൾ

1. വസ്തു നികുതി സംബന്ധിച്ച് സഞ്ചയ-സാംഖ്യ സോഫ്റ്റ്‌വെയറുകളിലെ അപാകതകൾ പ്യൂരിഫിക്കേഷൻ നടത്തുന്നുണ്ടെങ്കിലും നിലനില്ക്കുന്നു.
2. വികസനഫണ്ട് ചെലവ് എ.സി.ആർ പ്രകാരം 8202120/-രൂപയും വാർഷിക കണക്ക് പ്രകാരം 8160120/-രൂപയും ആണ്. 42000/-രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടനികുതി നിർണ്ണയത്തിലെ അപാകത

പഞ്ചായത്തിലെ വസ്തുനികുതി അസസ്സ്മെൻറ് രജിസ്റ്റർ പരിശോധിച്ചതിൽ, ശ്രീ സുരേഷ്കുമാർ, ശ്രീമതി.വത്സലകുമാരി എന്നിവരുടെ പേരിലുള്ള ഓഫീസാവശ്യത്തിനുപയോഗിക്കുന്ന(ബാങ്ക്) II/92B നമ്പരിലുള്ള കെട്ടിടത്തിൻെറ വിസ്തീർണ്ണം 244.9 ചതുരശ്ര മീറ്ററാണ്. 2017-18 ഒന്നാം അർദ്ധവർഷം മുതലാണ് ഈ കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് ഈടാക്കിവരുന്നത്. കോൺക്രീറ്റ് മേൽക്കൂരയോട് കൂടിയ ഈ കെട്ടിടം സ്ഥിതിചെയ്യുന്നത് എ.സി റോഡിന് സമീപമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഈ കെട്ടിടത്തിൻെറ വിസ്തീർണ്ണം 104.9 ചതുരശ്ര മീറ്ററായി രേഖപ്പെടുത്തി കുറഞ്ഞതരം മേൽക്കൂരയ്ക്കുള്ള ഇളവ് നല്കിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

കെട്ടിടത്തിൻെറ വിസ്തീർണ്ണം= 244.9 ച.മീ

അടിസ്ഥാന വസ്തുനികുതി=244.9*50=12,245/-രൂപ

അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധന 30%

(റോഡ് 20%,എയർകണ്ടീഷൻ 10%) =3674/-

ഈടാക്കേണ്ടിയിരുന്ന നികുതി =15919/-

വസ്തുനികുതിയിൽ വന്ന കുറവ്=9625/-രൂപ(15919-6294)

എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ നിലവിൽ ഈ കെട്ടിടത്തിൻെറ ഒരു വർഷത്തെ നികുതി ഡിമാൻറ് 6294/-രൂപ മാത്രമാണ്. ഇതു മൂലം ലഭിക്കേണ്ട വരുമാനത്തിൽ വലിയ കുറവാണ് ഉണ്ടായിരിക്കുന്നത്. കുറവ് വന്ന 9625/-രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കി സഞ്ചയ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റം വരുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

-ഗവ.ഹോമിയോ ഡിസ്പെൻസറി ഡോക്ടറുടെ തൊഴിൽ നികുതി

-കുട്ടനാട് താലൂക്ക് ഗവ. കോപ്പറേറ്റീവ് സൊസൈറ്റി

-ചമ്പക്കുളം ഡയറി സൊസൈറ്റി നം.156

2. കൂടാതെ പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | സപ്ലൈക്കോ മാവേലിസ്റ്റോർ | രണ്ടാം അർദ്ധവർഷം ഒടുക്കിയിട്ടില്ല. |
| 2 | കുട്ടനാട് താലൂക്ക് ഗവ. കോപ്പറേറ്റീവ് സൊസൈറ്റി | ഒടുക്കിയിട്ടില്ല. |
| 3 | ചമ്പക്കുളം ഡയറി സൊസൈറ്റി നം.156 | ഒടുക്കിയിട്ടില്ല. |

ഓഡിറ്റ് അന്വേഷണത്തിന് (നം.15/17.1.19) നല്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി/സ്ഥാപന നികുതി ഈടാക്കി ആയതിൻെറ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നുള്ള ടെണ്ടർ ഫീസ് ഈടാക്കിയത് തനത്ഫണ്ടിൽ വരവു വെച്ചില്ല.

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 8 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 61936/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവു വെക്കേണ്ടതായതിനാൽ ടി തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-4 രേഖകൾ ലഭ്യമല്ല

പഞ്ചായത്തിന്റെ 2017-18 വർഷത്തെ വരവിനങ്ങളിൽ ഉൾപ്പെടുന്ന ഡി&ഓ ലൈസൻസ് ഫീസ്, വാടക, ലേലം എന്നീ ഇനങ്ങളിലെ ഫയലുകൾ പ്രളയത്തിൽ നശിച്ച് പോയിട്ടുള്ളതിനാൽ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ലെഡ്ജറുകൾ പരിശോധിച്ചതിൽ ഡി&ഓ ലൈസൻസ് ഫീസിനത്തിൽ 98900/-രൂപയും കമ്മ്യൂണിറ്റി ഹാളിന്റെ വാടക 34300/-രൂപയും വിവിധ കടത്തുകൾ ലേലം ചെയ്ത ഇനത്തിൽ 75100/-രൂപയും വരവ് ഉണ്ട്. തൊഴിൽനികുതി, വസ്തുനികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ ഫയലുകൾ നഷ്ടപ്പെട്ടെങ്കിലും ഹാജരാക്കിയ രജിസ്റ്ററുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

## 2-5 പൊതുമരാമത്ത് പ്രവൃത്തികൾ - ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-6 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWF ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് നാളിതുവരെ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. കളക്ഷൻ ചാർജ്ജ് ലഭിച്ചിട്ടില്ലാത്ത പക്ഷം ഓഡിറ്റ് വർഷത്തെ പ്രവർത്തികളിൽ കിഴിവ് വരുത്തിയിട്ടുള്ള KBOCWF തുകയുടെ വിവരം കണക്കാക്കി കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് പലിശ ലഭിക്കാത്തത് സംബന്ധിച്ച്

ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് നെടുമുടി ശാഖയിലുള്ള ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് അക്കൗണ്ടിന് (കുട്ടനാട് പാക്കേജ് നമ്പർ - 4041/10/09/4) 22.3.2014 ന ശേഷം ബാങ്കിൽ നിന്നും പലിശ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. പ്രസ്തുത അക്കൗണ്ടിൽ 14.5.15 ലെ നീക്കിയിരുപ്പ് 254583/- രൂപയാണ്. തുടർന്ന് നാളിതുവരെ പാസ്സ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. പാസ്സ് ബുക്കിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പലിശ കുടിശ്ശിക സഹിതം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 2-8 പണമിടപാടുകൾ നടത്താതെ ബാങ്ക് അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു

ഗ്രാമ പഞ്ചായത്തിന്റെ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വളരെക്കാലമായി യാതൊരു വിധ പണമിടപാടുകളും നടത്താതെ നിർജ്ജീവമായി കിടക്കുന്നു. ടി അക്കൗണ്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | 31.3.18ലെ നീക്കിയിരുപ്പ് |
|---|---|---|---|
| 1 | എ.ഡി.സി.ബി- നെടുമുടി കുട്ടനാട് പാക്കേജ് | 4041/10/09/4 | 254583 (14.5.15 ലെ നീക്കിയിരുപ്പ്) |
| 2 | എസ്.ബി.ഐ (സാക്ഷരത) | 5704106010 | 107721 |
| 3 | ഫെഡറൽ ബാങ്ക് (എം.എൻ.ലക്ഷം വീട്) | 11540100171398 | 7326 |

വർഷങ്ങളായി പണമിടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നതിനാൽ അവ ക്ലോസ്സ് ചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെയുള്ള റോഡ്

## വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കൃത്യമായി പരിപാലിക്കുന്നതിലും ഗ്രാമ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാലും കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാലും ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാക്കുന്നു. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ തുടങ്ങുന്നതും അവസാനിക്കുന്നതുമായ റോഡുകൾ, ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ എന്നിവ വ്യക്തമായി തിരിച്ചറിയാൻ കഴിയാതെയും വരുന്നു. ഇത് ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾക്ക് കാരണമാകുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുകളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതെ/അപ്ഡേറ്റ് ചെയ്യപ്പെടാതെയും പോകുന്നു. ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ നിർമ്മാണ/പരിപാലന പ്രവർത്തനങ്ങൾ പൂർണ്ണമായി ഏറ്റെടുക്കാതെ റോഡിന്റെ വിവിധ ഭാഗങ്ങൾ വ്യത്യസ്ത വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന പ്രവണതയാണ് തുടർന്നു പോരുന്നത്. ഇപ്രകാരം നടപ്പാക്കുന്ന പ്രവൃത്തികളിൽ ചെയിനേജുകൾ രേഖപ്പെടുത്താതെ പ്രവൃത്തി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സ്ഥലങ്ങളെ അടിസ്ഥാനപ്പെടുത്തി റോഡിന് പേരു നൽകുകയും ചെലവു പത്രികയിൽ ഇതു പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്തുകയുമാണ് ചെയ്യുന്നത്. ഇത് മൂലം ഓരോ വർഷവും നടപ്പാക്കുന്ന വർക്കുകളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ/മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 മാലിന്യസംസ്കരണം - സമഗ്രപദ്ധതി ആവിഷ്കരിക്കാതെ പദ്ധതി നടപ്പാക്കി

പ്രൊജക്റ്റ് നം - S0076/18

നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - 1200000 (വികസനഫണ്ട്)

- 150000 (തനത് ഫണ്ട്)

ചെലവ് - 360776/- ബിൽ നം 16/17-18/28.03.18,360776/-

7500/- 05/17-18/29.01.18

7500/- 10/17-18/06.03.18

7500/- 13/17-18/14.03.18

530215/- 17/17-18/28.03.18

124800/- തനത്ഫണ്ട് (ചെക്ക് നം. 142355/31.01.18, 148030/23.2.18, 148057/17.3.18, 6251805/31.03.18)

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമാക്കി സൂക്ഷിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് മാലിന്യനിർമ്മാർജ്ജനം പദ്ധതി. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഹരിതകർമ്മസേന രൂപീകരിക്കുകയും ഹരിതകർമ്മസേനയുടെ ഓണറേറിയം ആയി ഒരു മാസം 31200 രൂപ വീതം 124800/- രൂപ തനത്ഫണ്ടിൽ നിന്നും നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള പ്ലാസ്റ്റിക്ശേഖരണത്തിനായി ഉപയോഗിച്ച വാഹനത്തിന്റെ വാടക ഇനത്തിൽ 22500/- രൂപ വാഹന ഉടമയ്ക്കും, നെടുമുടി ജംഗ്ഷൻ, മങ്കൊമ്പ് ജംഗ്ഷൻ എന്നിവിടങ്ങളിൽ CCTV ക്യാമറകൾ സ്ഥാപിക്കുന്നതിന് 5,30,215/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിനും കൈമാറിയിട്ടുണ്ട്. കൂടാതെ പണിക്കശ്ശേരി ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും 4400 തുണി സഞ്ചി വാങ്ങിയതിന് 360776 /- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ഈ പദ്ധതിക്കായി 17-18 വർഷം ആകെ 1038291/-രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ സബ്സിഡി മാർഗ്ഗരേഖയിൽ അനുവദിക്കാത്ത സഞ്ചി വാങ്ങി നൽകൽ, ക്യാമറ സ്ഥാപിക്കൽ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാൽ 19.10.2017 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മറ്റിയുടെ അനുമതിയോടെയാണ് പദ്ധതി നടപ്പാക്കിയത്.

അജൈവ മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയക്കുന്നതിനാണ് ഹരിതകർമ്മസേനയെ തെരഞ്ഞെടുക്കുന്നത്. ഇവിടെയും ഹരിതകർമ്മസേനയെ തെരഞ്ഞെടുത്തിട്ടുണ്ട്. എല്ലാ വീടുകളിൽ നിന്നും കൊണ്ട് വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് വെയ്ക്കുന്നതിന് സ്ഥലവും കെട്ടിടവും, കൂടാതെ

ശേഖരിക്കുന്ന മാലിന്യങ്ങൾ ഏറ്റെടുക്കുന്നതിന് ഒരു അംഗീകൃത ഏജൻസിയെ കണ്ടെത്തുക തുടങ്ങിയ പ്രാഥമിക കാര്യങ്ങൾ ഒരുക്കാതെയാണ് പദ്ധതി ആരംഭിച്ചത്. മെറ്റീരിയൽ കളക്ഷൻ സെന്ററും, പ്ലാസ്റ്റിക് ഷെഡ്രിംഗ് യൂണിറ്റും ഇല്ലാതെ, ഒരു പാഴ് വസ്തു കച്ചവടക്കാരനുമായാണ് എഗ്രിമെന്റ് വെച്ചത്. കരാറുകാരൻ കടയിൽ ശേഖരിച്ച പ്ലാസ്റ്റിക്ക് സാധനങ്ങൾ കൂടുതൽ മാലിന്യ പ്രശ്നങ്ങൾക്ക് കാരണമാകുകയും പിന്നീട് ഉണ്ടായ പ്രളയത്തിൽ പാഴ്വസ്തുക്കൾ ഒലിച്ചുപോകുകയുമുണ്ടായി. ഈ പ്ലാസ്റ്റിക്ക് സാധനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തി ഒരു അംഗീകൃത ഏജൻസിയെയാണ് ഏൽപ്പിക്കേണ്ടിയിരുന്നത്. ഈ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

മാലിന്യമുക്ത പഞ്ചായത്ത് എന്നതാണ് പ്രഖ്യാപിത ലക്ഷ്യമെങ്കിലും എളുപ്പം ചീഞ്ഞളിയുന്ന ജൈവമാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് യാതൊരുവിധ നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഹരിതകർമ്മസേന നൽകുന്ന സേവനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിക്കുന്ന യൂസർഫീ ഈടാക്കാവുന്നതാണ്. എന്നാൽ യൂസർ ഫീ ഇനത്തിൽ തൻവർഷം വരവൊന്നും ലഭിച്ചിട്ടില്ല. ഹരിത കർമ്മസേനയുടെ ഓണറേറിയം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നുമാണ് നൽകിയത്. നിലവിൽ ഹരിതകർമ്മസേന പ്രവർത്തിക്കുന്നില്ല. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൈപ്പറ്റാനും ആളില്ലാത്ത സ്ഥിതിയാണ് സംജാതമായത്. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സംവിധാനം ഒരുക്കികൊണ്ടോ, അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള സ്ഥാപനങ്ങളെ കണ്ടെത്തിക്കൊണ്ടോ ആയിരുന്നു പദ്ധതി നടപ്പാക്കേണ്ടത്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം ആണ് ഒരുക്കേണ്ടിയിരുന്നത്.

പ്രകൃതി സൗഹാർദ്ദവും, ഫോർഡബിളും, പേഴ്സ് പോലെ മടക്കി സൂക്ഷിക്കാവുന്നതും, ആവശ്യാനുസരണം നിവർത്താവുന്നതും കട്ടിയുള്ള കോട്ടൺ തുണികൊണ്ട് നിർമ്മിച്ചതുമായ ക്യാരിബാഗ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആവശ്യകതയും നിർവ്വഹിക്കുവാൻ ഇവയ്ക്കാകുമോ എന്നുറപ്പിക്കാനാവില്ല. ഈ കോട്ടൺ സഞ്ചിയുടെ ഉപയോഗത്താൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടോ എന്ന ചോദ്യത്തിന് മറുപടി ലഭ്യമാക്കിയില്ല. പ്ലാസ്റ്റിക്കിന്റെ കർശനമായ നിരോധനം ഏർപ്പെടുത്താതെ തുണി സഞ്ചി നൽകിയതുകൊണ്ടുമാത്രം പഞ്ചായത്ത് മാലിന്യമുക്തമാകില്ല. പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്ന വാണിജ്യവ്യവസായ സ്ഥാപനങ്ങൾക്കും, കടകൾക്കുമെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നെടുമുടി ജംഗ്ഷൻ, മങ്കൊമ്പ് ജംഗ്ഷൻ എന്നിവിടങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിന് പദ്ധതിപ്പണം ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളുണ്ട്. ക്യാമറ സ്ഥാപിക്കുന്നതു വഴി മുഴുവൻ വാർഡുകളിലെയും ദൃശ്യങ്ങൾ ലഭ്യമാകില്ല. 1.11.17 ലെ 1(2)-ാമത് പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ധാരാളം ഭരണചുമതലയുള്ള സെക്രട്ടറിയെയാണ് ദൃശ്യങ്ങൾ പരിശോധിക്കുന്നതിന് ഏർപ്പാടാക്കിയിട്ടുള്ളത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ പി ഡബ്ല്യു ഡി ഇലക്ട്രോണിക്സ് വിഭാഗത്തിന് തുക കൈമാറിയിട്ടുണ്ടെങ്കിലും ക്യാമറ സ്ഥാപിക്കുന്നതിനുള്ള നപടികളൊന്നും

സ്വീകരിച്ചിട്ടില്ല. അതിനാൽ ഇതിനായി ചെലവഴിച്ച തുക 5,30,215/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർമാർക്ക് അധിക തുക നൽകി

സർക്കാർ ഉത്തരവ് നം. 30/2016/ധനം തീ:29.02.2016 പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും ടി പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി ഗുണഭോക്തൃകമ്മിറ്റികളിൽ നിന്നും ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. 01.07.2017 മുതൽ വാറ്റിനു പകരം ജി.എസ്.ടി നിലവിൽ വന്നതിനാൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണെന്നും 16.03.2018-ലെ ഡി.ബി.3/9058 /17/സിഇ/തസ്വഭവ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃകമ്മിറ്റികൾ വഴി നടപ്പിലാക്കിയ ചില പ്രവൃത്തികളിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 10% വർദ്ധനയാണ് നൽകിയിട്ടുള്ളത്. പ്രൈസ് ലിസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ്ജാണ് അനുവദിച്ചിരുന്നത്. ഇതിൽ നിന്നും 2.5% കുറവ് വരുത്താതെ ബിൽ തയ്യാറാക്കിയതു മൂലമാണ് അധിക തുക നൽകേണ്ടി വന്നത്. (വാറ്റിനത്തിലുള്ള 5% കിഴിവ് ബില്ലിൽ വരുത്തിയിട്ടുണ്ട്.) വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം | ഒ.എച്ച് 7.5% ഉൾപ്പെടുത്തിയ പ്രവൃത്തി മൂല്യം | 5% വാറ്റ് കിഴിവ് വരുത്തിയതിനു ശേഷമുള്ള തുക | ആകെ ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മഠത്തിൽപാലം മുതൽ തെക്കോട്ട് മെറ്റലിംഗ്&ടാറിംഗ് - 143/18<br>കൺവീനർ - ലിസമ്മ തോമസ്<br>എം. ബുക്ക് - 10/17-18<br>പ്രവൃത്തി മൂല്യം - 357309/- | 349188 | 331729<br>(349188-17459) | 331729 | 7715 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം. 57/8.1.18- 339444/- | | | | |
| 2 | മങ്കൊമ്പ് പാലത്തിന് തെക്കോട്ട് മെറ്റലിംഗ്&ടാറിംഗ് - 138/18<br>കൺവീനർ - സണ്ണി തോമസ്<br>എം. ബുക്ക് - 9/17-18<br>പ്രവൃത്തി മൂല്യം - 170721/-<br>ബിൽ നം. 59/8.1.18- 162185/- | 166841 | 158499 (166841- 8342) | 158499 | 3686 |
| | ആകെ | | | | 11401 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥ മറുപടി ഹാജരാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ കൺവീനർമാർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-4 നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽനിന്നും നിയമാനുസൃത പിഴ ഈടാക്കാത്തതു മൂലം അധികച്ചെലവ്

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവർത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും

(കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക നൽകിയതുവഴി കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ക്ഷണിച്ച എസി റോഡ് മുതൽ ശ്മശാനം വരെ വഴി പുനരുദ്ധാരണം- രണ്ടാം ഘട്ടം എന്ന പ്രവൃത്തിയുടെ ടെണ്ടർ ഏറ്റെടുത്ത ശ്രീമതി.പി.കെ.വൽസമ്മ 28.7.2016 ൽ കരാർ ചമച്ച് പ്രവൃത്തിയുടെ നിർവ്വഹണം ഏറ്റെടുത്തിരുന്നു. ടെണ്ടർ നിബന്ധന പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിരുന്ന കാലയളവ് 6 മാസമാണ്. ഇത് പ്രകാരം 28.1.2017 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതി 15.9.17 ആണ്.

കാൽമുട്ടിലെ വേദന കാരണം തനിക്ക് യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ച നൽകണമെന്നുള്ള ടിയാളുടെ അപേക്ഷയുടെ (തീയതി രേഖപ്പെടുത്തിയിട്ടില്ല) അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ കാലയളവ് 8 മാസം കൂടി (30.9.17 വരെ) ദീർഘിപ്പിക്കുന്നതായി രേഖപ്പെടുത്തി സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയിട്ടുണ്ട് (കരാറിൽ തീയതി ഇല്ല). ടെണ്ടർ നിബന്ധന പ്രകാരം 6 മാസം പൂർത്തീകരണ കാലാവധി നൽകിയിട്ടുള്ള പ്രവൃത്തിയ്ക്ക് നിയമ പ്രകാരം പരമാവധി ദീർഘിപ്പിച്ച നൽകാവുന്ന കാലയളവ് 3 മാസം മാത്രമാണ്. (50% രണ്ട് പ്രാവശ്യമായി- 3% നിരക്കിൽ പിഴ ഈടാക്കിക്കൊണ്ട്) ഇതിനു പകരം തികച്ചും കരാറുകാരന്റെ വ്യക്തിപരമായ കാരണത്താൽ പൂർത്തീകരണ കാലയളവ് 8 മാസത്തോളം വർദ്ധിപ്പിച്ച നൽകിയത് നിയമ വിരുദ്ധമായ നടപടിയാണ്. മാത്രമല്ല, നിയമ പ്രകാരമുള്ള പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ച നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വളരെ തുച്ഛമായ തുക മാത്രമാണ് പിഴ ഇനത്തിൽ ഈടാക്കിയിട്ടുള്ളത്.

ഈടാക്കേണ്ട പിഴ (എഗ്രീഡ് പി.എ.സി യുടെ 3% നിരക്കിൽ)

975774 x 3% = 29273/- രൂപ

ഈടാക്കിയത് = 6277

കുറവ് = 22996/- രൂപ

ഈടാക്കാൻ ശേഷിക്കുന്ന 22996/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ

വിവരം അറിയിക്കേണ്ടതാണ്.

ഹാജരാക്കിയ എം.ബുക്കിൽ 15.9.17 ൽ പ്രവൃത്തി പൂർത്തീകരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വീണ്ടും കാലയളവ് ദീർഘിപ്പിച്ചു നൽകുന്നതിനായുള്ള സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുന്നതിനായി കരാറുകാരൻ 23.1.18 തീയതിയിൽ വാങ്ങി നൽകിയിട്ടുള്ള മുദ്രപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ടി കരാറിൽ കരാറുകാരനും, അസി.എഞ്ചിനിയറും ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മറ്റു വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നു തന്നെ 15.9.17 ൽ പ്രവൃത്തി പൂർത്തീകരിച്ചു എന്നുള്ളത് സംശയാസ്പദമാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥ മറുപടി ഹാജരാക്കിയിട്ടില്ല.

<u>അനുബന്ധ വിവരങ്ങൾ</u>

പ്രോജക്ട് നം. - 127/18

കരാറുകാരൻ -പി.കെ.വൽസമ്മ (11.251% കുറവ്)

കരാർ തീയതി - 28.7.16

പൂർത്തീകരണ കാലയളവ് - 6 മാസം

എഗ്രീഡ് പി.എ.സി - 975774/-

ബിൽ നം. 19/17-18/30.6.17 - 256574/-

38/17-18/28.7.17 - 414073/-

62/17-18/8.2.18 - 212017/-

## 3-5 ബിറ്റുമിൻ ബാരൽ വില ബില്ലിൽ കുറവ് ചെയ്തില്ല - കൺവീനർമാർക്ക് അധിക തുക നൽകി

2017-18 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആയതിനാൽ ഒഴിഞ്ഞ ഒരു ബാരലിന്റെ വിലയായി നികുതിയടക്കം 250/-രൂപ വീതം ബില്ലിൽ കുറവു ചെയ്യേണ്ടിയിരുന്നു. എന്നാൽ തൻവർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന റോഡ് പ്രവൃത്തികളിൽ നിന്നും ഇത്തരത്തിൽ ബാരൽ വില കുറവ് വരുത്തിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ബാരലിന്റെ എണ്ണം | കുറവ് ചെയ്യേണ്ട തുക | അധിക ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | മഠത്തിൽപാലം മുതൽ തെക്കോട്ട് മെറ്റലിംഗ്&ടാറിംഗ് - 143/18<br><br>കൺവീനർ - ലിസമ്മ തോമസ്<br><br>എം. ബുക്ക് - 10/17-18<br><br>പ്രവൃത്തി മൂല്യം - 357309/-<br><br>ബിൽ നം. 57/8.1.18-339444/- | 15 | 3750 | 3750 |
| 2 | പൂത്തറപാലം മുതൽ കിഴക്കോട്ട് മെറ്റലിംഗ്&ടാറിംഗ് - 139/18<br><br>കൺവീനർ - തങ്കച്ചൻ വർഗ്ഗീസ്<br><br>എം. ബുക്ക് - 18/17-18<br><br>പ്രവൃത്തി മൂല്യം - 483038/-<br><br>ബിൽ നം. 52/21.10.17-483038/- | 11 | 2750 | 2750 |
| 3 | ചേന്നോത്ത് മുതൽ പി.ഡബ്യൂ.ഡി റോഡ് വരെ മെറ്റലിംഗ്&ടാറിംഗ് - 141/18<br><br>കൺവീനർ - വിക്രമൻ നായർ<br><br>എം. ബുക്ക് - 11/17-18<br><br>പ്രവൃത്തി മൂല്യം - 199271/-<br><br>ബിൽ നം. 58/8.1.18 | 5 | 1250 | 1250 |
| | ആകെ | | | 7750 |

ബില്ലിൽ നിന്നും നിയമാനുസൃതമുള്ള ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥ മറുപടി ഹാജരാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ കൺവീനർമാർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-6 ഹയർസെക്കന്ററി തുല്യത കോഴ്സ് -മുഴുവൻ പേരും ഒന്നാം ഘട്ട പരീക്ഷ എഴുതിയില്ല

പ്രൊജക്ട് നം - S0171/18

അടങ്കൽ - 33750/- (തനത്ഫണ്ട്)

ചെലവ് - 25050/-(ചെക്ക് നം. 7814040/31.3.18)

2017-18 വർഷം ഗവ.എൽ പി സ്കൂൾ എച്ച് എം നിർവ്വഹണം ചെയ്ത ഹയർസെക്കന്ററി തുല്യത കോഴ്സിന് 12 പഠിതാക്കൾക്ക് രജിസ്ട്രേഷൻ ഫീസ് 300/- രൂപ വീതം 3600/- രൂപയും കോഴ്സ് ഫീസ് ഇനത്തിൽ 1950/-രൂപ വീതം 11പേർക്ക് 21450/- രൂപയും ചേർത്ത് ആകെ 25050/-രൂപ തനത്ഫണ്ടിൽ നിന്നും കേരളാലിറ്ററസി മിഷന് നൽകിയിട്ടുണ്ട്. ഹയർസെക്കന്ററി തുല്യത കോഴ്സിന് രജിസ്റ്റർ ചെയ്ത 12 പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയും പാസായതിന്റെയും രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ 12 പഠിതാക്കളിൽ 6 പേർ മാത്രമാണ് പ്ലസ് വൺ പരീക്ഷ എഴുതിയതെന്നാണ് അറിയിച്ചത്. ഹയർ സെക്കന്ററി തുല്യതാ കോഴ്സിന്റെ കാലാവധി 3 വർഷമായതിനാൽ പരീക്ഷ എഴുതാത്ത പഠിതാക്കൾക്ക് വീണ്ടും പരീക്ഷ എഴുതാൻ അവസരം ലഭിക്കുന്നതാണെന്ന കൂടി അറിയിച്ചിട്ടുണ്ട്. അതിനാൽ 6 പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ് 1800/- രൂപയും കോഴ്സ് ഫീസ് 11700/- ഉൾപ്പെടെ 13500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരീക്ഷ എഴുതാത്ത പഠിതാക്കൾ പരീക്ഷ എഴുതി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-7 കാർഷിക കർമ്മസേനയ്ക്ക് ബ്രഷ് കട്ടർ-- ഉപകരണം ഉപയോഗിച്ചിട്ടില്ല:പദ്ധതിയിൽ അപാകതകൾ

കാർഷിക കർമ്മസേനയ്ക്ക് ബ്രഷ് കട്ടർ (S0175/18) പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് കർമ്മസേനയ്ക്ക് 5 ബ്രഷ് കട്ടർ അനുവദിച്ചതിന് സബ്സിഡി 1,16,600/- രൂപയും ഗുണഭോക്തൃ വിഹിതം 12960/-രൂപയും ചേർത്ത് 1,29,560/- രൂപ റെയ്ഡ്കോയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതകൾ നിലനില്ക്കുന്നു.

1. കരാർ പ്രകാരം ഉപകരണങ്ങളുടെ ഉടമസ്ഥത കർമ്മസേനയ്ക്ക്

കൃഷിഓഫീസറും കർമ്മസേനയും തമ്മിൽ യന്ത്രങ്ങളുടെ സംരക്ഷണം, ഉപയോഗം, വാടകയ്ക്ക് നല്കൽ, ഉടമസ്ഥത എന്നിവ സംബന്ധിച്ച് വ്യക്തമായ കരാർ ഒപ്പ് വച്ചിരുന്നില്ല. അപാകത പരാമർശിച്ച് നല്കിയ എൻക്വയറിക്ക് 16.1.19 ൽ ഒപ്പുവച്ച കരാർ മറുപടിയോടൊപ്പം ഹാജരാക്കി. ഇതിലാകട്ടെ ഉപകരണങ്ങളുടെ ഉടമസ്ഥത കാർഷിക കർമ്മസേനയ്ക്കാണ് നല്കിയിരിക്കുന്നത്. ഇത് ക്രമപ്രകാരമല്ല. സർക്കാർഫണ്ട് ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ കാർഷിക കർമ്മസേനയുടെ ഉടമസ്ഥതയിലാകുന്നത് അവർക്ക് യഥേഷ്ടം ഉപയോഗിക്കുന്നതിനും ക്രമക്കേടുകൾക്കും വഴിതെളിക്കും.

2. യന്ത്രങ്ങൾ കർമ്മസേന ഉപയോഗിച്ചിട്ടില്ല

കർമ്മസേനയ്ക്ക് നാളിതുവരെ യന്ത്രങ്ങൾ ഒന്നും ലഭിക്കാത്തതിനാൽ കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന് കർമ്മസേനയുടെ മിനിട്സിൽ പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് കൃഷി ഓഫീസറുടെ ശുപാർശയിന്മേൽ 2017-18ൽ ഈ പദ്ധതി നടപ്പാക്കി ബ്രഷ് കട്ടർ അനുവദിച്ചത്. എന്നാൽ 2017-18ൽ ലഭിച്ച ഉപകരണം ഒരു വർഷത്തിന് ശേഷവും ഉപയോഗിച്ചിട്ടില്ല എന്നത് പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. അപാകത പരാമർശിച്ച് നല്കിയ എൻക്വയറിയുടെ മറുപടിയിൽ യന്ത്രങ്ങൾ പ്രവർത്തിപ്പിച്ചിട്ടില്ല എന്നും സെപ്റ്റംബർ മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ യന്ത്രങ്ങൾ പ്രവർത്തനരഹിതമായെന്നും കർമ്മസേനയുടെ ചെലവിൽ റെയ്ഡ്കോ മെയിന്റനൻസ് നടത്തി പ്രവർത്തന സജ്ജമാക്കിയെന്നും അറിയിച്ചു. ഉപകരണം ലഭിച്ച് 6 മാസത്തിനു ശേഷമാണ് പ്രളയം സംഭവിച്ചത്. അതിനു ശേഷവും 4 മാസം പിന്നിട്ടിരിക്കുന്നു.നാളിതുവരെ ഉപകരണം ഉപയാഗിക്കുകയോ വാടകയ്ക്ക് നല്കി വരുമാനദായകമാക്കുകയോ ചെയ്തിട്ടില്ല എന്നത് കൃഷിഓഫീസറുടേയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. കർമ്മസേനയ്ക്ക് മങ്കൊമ്പ് തെക്കേക്കര സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 2015 ൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ യന്ത്ര വാടക ഇനത്തിൽ തുക ഒന്നും വരവ് വന്നിട്ടില്ല. ഉപകരണങ്ങളുടെ പ്രവർത്തനം ഇല്ലാത്തതിനാൽ ലോഗ്ബുക്ക്, മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുമില്ല.

3. കർമ്മസേനയുടെ പ്രവർത്തനം കൃത്യമായി വിലയിരുത്തുന്നില്ല

കർമ്മസേനയുടെ മിനിട്സ് പരിശോധിച്ചതിൽ 11.4.17 മുതലുള്ള രേഖപ്പെടുത്തലാണ് ഉള്ളത്. പിന്നീട് 5.10.17 ലാണ് അടുത്ത മീറ്റിംഗ് കൂടിയിട്ടുള്ളത്. ഈ തീയതിയിലാണ് 11.7.16 മുതൽ 30.9.17 വരെയുള്ള വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകരിച്ചിരിക്കുന്നത്. തുടർന്ന് ഒരു വർഷത്തിന് ശേഷം 4.11.18 ലാണ് കമ്മിറ്റി കൂടിയത്. യന്ത്രോപകരണങ്ങൾ ഒന്നും ലഭിക്കാഞ്ഞതിനാൽ പ്രവർത്തനം പരിമിതമായിരുന്നതിനാലാണ് യോഗം കൃത്യമായി കൂടാതിരുന്നത് എന്ന് കൃഷിഓഫീസർ മറുപടി ലഭ്യമാക്കി. മിനിട്സിൽ കർമ്മസേന യന്ത്രങ്ങൾ ആവശ്യപ്പെട്ടത് ഉണ്ടെങ്കിലും ബ്രഷ് കട്ടർ ലഭിച്ചതോ പ്രവർത്തനങ്ങളോ പരാമർശിച്ചിട്ടില്ല.

കർമ്മസേനയുടെ പ്രവർത്തനം കൃത്യമായി വിലയിരുത്തുന്നില്ല എന്ന് വ്യക്തമാകുന്നു.

അപാകതകൾ പരിഹരിച്ച് കർമ്മസേനയുടെ പ്രവർത്തനം സുതാര്യവും ഊർജ്ജിതവും

ആക്കേണ്ടതാണ്.

ചെലവ് വിവരം

1,16,600 – ബിൽ നം. 4/17-18 dt.20.2.18

12960/- ചെക്ക് നം.148028/21.2.18

## 3-8 അഗതി ആശ്രയപദ്ധതി--വികസനഫണ്ട് സി.ഡി.എസ് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അഗതി ആശ്രയ പദ്ധതിയിൽ (S0010/18) ഉൾപ്പെടുത്തി വികസനഫണ്ട് 1,00,000/- രൂപ ബിൽ നം.3/17-18 dt.21.7.17 പ്രകാരം സി.ഡി.എസ്-ന് നല്കിയിട്ടുണ്ട്. സി.ഡി.എസ്-ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തൻവർഷം നല്കിയ 1,00,000/- രൂപ ഉൾപ്പെടെ വികസനഫണ്ട് 4,47,124/- രൂപ അക്കൗണ്ടിൽ നിക്ഷേപമായി തുടരുകയാണ് എന്ന് വ്യക്തമാകുന്നു. ആശ്രയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാതെ വികസനഫണ്ട് നിക്ഷേപമാക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് "പുതിയ ഡി.പി.ആർ തയ്യാറാക്കിയതിന് ജില്ലാമിഷന്റെ അംഗീകാരം ലഭിച്ചാലുടൻ ആശ്രയ കുടുംബങ്ങൾക്കുള്ള വീടുൾപ്പെടെയുള്ള ആനുകൂല്യം അനുവദിക്കുമെന്നും ചലഞ്ച്ഫണ്ട് ഉപയോഗിച്ചും സ്പോൺസർഷിപ്പിലൂടെയും ഭക്ഷണം, വസ്ത്രം, ചികിത്സ എന്നിവ നല്കുന്നുണ്ടെന്നും" അറിയിച്ചു. അഗതി ആശ്രയ പദ്ധതിയിൽ 32 ഗുണഭോക്താക്കൾ നിലവിൽ ഉൾപ്പെടുന്നതിൽ 7 പേർക്ക് വീടും 13 പേർക്ക് വീട് മെയിന്റനൻസും ആവശ്യമാണ്. സി.ഡി.എസ് അക്കൗണ്ടിലെ വികസനഫണ്ട് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതം ഉൾപ്പെടെയുള്ള ഫണ്ടും കണ്ടെത്തി ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റി അഗതി രഹിത ഗ്രാമം ആക്കിമാറ്റാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(2) പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ

ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(3) ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ നിയമ പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല.

(4) നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് (ടി.ആർ.7എ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ള്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) ഭൂരിഭാഗം പ്രവൃത്തികളിലും പൂർത്തീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-10 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതി കൺവീനർമാർ മുഖേന നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതം സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കപ്പെടാത്തതായി പരിശോധനയിൽ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. അദ്ധേരിചിറ മുതൽ വേളൂക്കടേൽ വരെ വഴി പുനരുദ്ധാരണം

പ്രോജക്ട് നം. 84/18

ചെയർമാൻ - ശ്രീ.ജയപ്രകാശ്.ബി

കൺവീനർ - ശ്രീ.വിഷ്ണു.സി.ബാബു

ബിൽ നം. 45/26.8.17 – 111543/-

46/26.8.17 - 4410/-

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

(1) ഗുണഭോക്തൃ സമിതിയുടെ ആലോചനായോഗം 6.2.17 ൽ കൂടി കൺവീനർ, ചെയർമാൻ എന്നിവരെ തെരഞ്ഞെടുത്തതായി കാണുന്നു. എന്നാൽ 19 പേർ പങ്കെടുത്തതായുള്ള ഹാജർ വിവരത്തിൽ ശ്രീ.ജയപ്രകാശ് (ചെയർമാൻ) പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

(2) ഗുണഭോക്തൃ കമ്മിറ്റി എഴുതി ഒപ്പിടുന്ന കരാർ ഉടമ്പടി ചമച്ചിട്ടില്ല.

(3) മിനിട്ട്സ് ബുക്ക് ഹാജരാക്കിയിട്ടില്ല. 6.2.17 ലെ യോഗ തീരുമാനത്തിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

(4)പ്രവൃത്തിയ്ക്കായി ആകെ 121500/- രൂപ ചെലവായതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയ്ക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച വൗച്ചറുകൾ/ ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(5)ഹാജരാക്കിയ മസ്റ്റർ റോൾ പ്രകാരം 8 തൊഴിലാളികൾക്കായി ആകെ 24000/- രൂപ കൂലി ഇനത്തിൽ നൽകിയതായി കാണുന്നു. എന്നാൽ മസ്റ്റർ റോളിൽ ആരും തന്നെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

(6) പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

II. <u>ജംഗാർ കടവ് മുതൽ ചേപ്പിലാക്കൽ ചിറ വരെ വഴി പുനരുദ്ധാരണം</u>

പ്രോജക്ട് നം. 107/18

ചെയർമാൻ - ശ്രീ.ബാബുരാജ്.ടി.പി

കൺവീനർ - ശ്രീ.ശിവജി

ബിൽ നം. 30/23.7.17 – 117498/-

(1)പ്രവൃത്തിയ്ക്കായി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ചാണ് പണമിടപാടുകൾ നടത്തേണ്ടത്. എന്നാലിതിനു പകരം ശ്രീ.ബാബുരാജിന്റെ മാത്രം പേരിലുള്ള അക്കൗണ്ടിലാണ് (ടി.എസ്.ബി-799010100063391) പണമിടപാടുകൾ നടത്തിയിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയിൽ കൺവീനർ ശ്രീ. ശിവജിയുടെ പേര്എഴുതി ചേർത്തിട്ടുള്ളതായി കാണുന്നു.

(2)കൺവീനറുടെ കണക്കിൽ പ്രവൃത്തിയ്ക്കായി ആകെ 181800/- രൂപ ചെലവായതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയ്ക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച വൗച്ചറുകൾ/ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(3)ഹാജരാക്കിയ മസ്റ്റർ റോൾ പ്രകാരം 7 തൊഴിലാളികൾക്കായി ആകെ 23200/- രൂപ കൂലി ഇനത്തിൽ നൽകിയതായി കാണുന്നു. എന്നാൽ മസ്റ്റർ റോളിൽ ആരും തന്നെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

(4) പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

(5)പ്രവൃത്തി പൂർത്തീകരണത്തിനുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ പ്രിന്റഡ് ഫോറത്തിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്താതെയാണ് ഓവർസിയർ ഒപ്പ് രേഖപ്പെടുത്തി നൽകിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥ മറുപടി ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത നടപടി ക്രമങ്ങൾ

പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-11 മരുന്ന് വാങ്ങൽ-സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല

1. മെഡിക്കൽ ഓഫീസർ അലോപ്പതി നിർവ്വഹണം നടത്തിയ സാന്ത്വന പരിചരണം പദ്ധതിയുമായി ബന്ധപ്പെട്ട് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും(ബിൽ നം.3/17-18 തീയതി.25.09.17) 50,000/- രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്. ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ഇൻവോയ്സ് നം. 5181, തീയതി. 29.11.17 പ്രകാരം 35196/- രൂപയുടെ മരുന്നുകളും 7.7.18 ലെ ഇൻവോയ്സ് നം. 4437 പ്രകാരം 2592/- രൂപയുള്ള മരുന്നുകളും മാത്രമാണ് ലഭിച്ചതായി കാണുന്നത്. ശേഷിക്കുന്ന തുകയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 20.4.18 ൽ ഇൻവോയ്സ് നം 1020 പ്രകാരം 11818/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്നും ലഭിക്കാൻ അവശേഷിക്കുന്ന 394/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് KMCL ന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ലഭിക്കുന്ന മരുന്നുകൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിശേഷം മാത്രം രോഗികൾക്ക് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
2. മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയുമായി (പ്രോജക്ട് നം. S0015/18) ബന്ധപ്പെട്ട് ഹോംകോയിൽ നിന്നും 1,50,000/-രൂപയുടെ മരുന്ന് (ബിൽ നം. 01/17-18, തീയതി 30.10.17) വാങ്ങിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരം ലഭിച്ച ചില മരുന്നുകൾ സ്റ്റോക്കിൽ ചേർത്തിട്ടില്ല.

| ഇൻവോയ്സ് നം./തീയതി | ഇൻവോയ്സ് പ്രകാരമുള്ള ക്രമ നമ്പർ | മരുന്നിന്റെ വില |
|---|---|---|
| LF 45,28.4.18 | 4,5 | 1456/- |
| LF 586,25.6.18 | 26,27,37,40,43,44,45,46,48,56,57,58,63 | 4241/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, ഇൻവോയ്സ് നം LF 45 പ്രകാരം 28.4.18-ൽ ലഭിച്ച മരുന്നുകളിൽ ക്രമനം 4,5 പ്രകാരമുള്ള ബട്ടർ പേപ്പർ, കവർ എന്നിവ തിരികെ നൽകുവാൻ സൂക്ഷിച്ചിരുന്നതിനാലാണ് സ്റ്റോക്കിൽ രേഖപ്പെടുത്താതിരുന്നതെന്നറിയിച്ചിട്ടുണ്ട്. കൂടാതെ 25.6.18-ൽ ലഭിച്ച 4241/- രൂപയുടെ മരുന്നുകൾ പുതിയ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നുവെന്നും ഇൻവോയ്സിൽ ചേർക്കാൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. വിതരണത്തിനായി സൂക്ഷിച്ചിരുന്ന മുഴവൻ മരുന്നുകളും പ്രളയത്തിൽ നശിച്ചുപോയതായി അറിയിച്ചിട്ടുണ്ട്.

മരുന്നുകൾ ലഭിക്കുമ്പോൾ തന്നെ ആയവ സ്റ്റോക്കിൽ ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതും പർച്ചേസിനായി ഇൻഡൻറ് നൽകുമ്പോൾ ആവശ്യമായവ മാത്രം ഉൾപ്പെടുത്തി വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-12 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ, കാർഷിക പദ്ധതികളുടെ വിതരണരേഖകൾ-പ്രളയത്തിൽ നഷ്ടപ്പെട്ടു

1. 2017-18 വർഷത്തെ ജനകീയാസൂത്രണ പദ്ധതികളിൽ 21,74,276/- രൂപ ചെലവഴിച്ച് സെക്രട്ടറി നടപ്പാക്കിയ 11 പദ്ധതികളിൽ ഒന്നും തന്നെ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലുണ്ടായ പ്രളയത്തിൽ ഇവ എല്ലാം നഷ്ടപ്പെട്ടതായി സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. പ്രളയത്തിൽ നഷ്ടപ്പെട്ട ഉപകരണങ്ങൾ, രേഖകൾ എന്നിവയുടെ കണക്കെടുപ്പ് സംബന്ധിച്ച ഫയലിൽ തെരുവ് വിളക്ക് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും ഓഫീസ് വാഹനം സംബന്ധിച്ച ഫയലുകളും മാത്രമാണ് നഷ്ടപ്പെട്ടതായി ആദ്യം പരാമർശിച്ചിട്ടുള്ളതും കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും. പ്രാഥമിക കണക്കെടുപ്പിൽ സെക്രട്ടറിയുടെ കൈവശം ഉണ്ടായിരുന്ന ഈ ഫയലുകൾ റിപ്പോർട്ട് ചെയ്യതാണെന്നും പിന്നീട് പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നിന്നും എത്തിയ ഉദ്യോഗസ്ഥ ടീമിന്റെ നേതൃത്വത്തിൽ മറിഞ്ഞു കിടന്ന ഓഫീസ് അലമാരകൾ ഉയർത്തി പരിശോധിച്ചപ്പോൾ 2017-18 ലെ പദ്ധതി ഫയലുകൾ മുഴവനും നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യുകയായിരുന്നു എന്ന് അറിയിച്ചു. പ്രളയത്തിൽ നഷ്ടപ്പെട്ട രേഖകൾ, ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധനാ റിപ്പോർട്ട് റവന്യൂ ഓഫീസിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. കുട്ടനാട്ടിലെ സർക്കാർ ഓഫീസുകൾക്കൊന്നും റവന്യൂ ഓഫീസിൽ നിന്നും സാക്ഷ്യപത്രം നല്കിയിട്ടില്ല എന്നും മറുപടിയിൽ അറിയിച്ചു. കൃഷിഭവനിലെ രേഖകളിൽ പലതും നഷ്ടപ്പെട്ടതായും വിതരണരേഖകൾ പൂർണ്ണമായും പ്രളയത്തിൽ നഷ്ടപ്പെട്ടതായും കൃഷിഓഫീസർ

അറിയിച്ചു. പദ്ധതി ഫയലുകൾ പെർഫോമൻസ് ഓഡിറ്റിന് തയ്യാറാക്കി മുകളിലെ റാക്കിൽ വച്ചരുന്നതിനാൽ അവ നഷ്ടപ്പെടാതെ ലഭിച്ചു എന്നും അറിയിച്ചു.ഇപ്രകാരം രേഖകൾ നഷ്ടപ്പെട്ടതിനാൽ സെക്രട്ടറിയുടെ ഫയലുകളും കൃഷിയുടെ വിതരണരേഖകളും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. <u>മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ലഭ്യമായിട്ടില്ല</u>

പഞ്ചായത്തിന്റെ 2017-18 വർഷത്തെ തനത്ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും 10,000/-രൂപ വീതം 13 വാർഡുകൾക്കായി 1,30,000/- രൂപ വാർഡ്തല സാനിട്ടേഷൻ സമിതിക്ക് നല്കിയിട്ടുണ്ട്(വൗച്ചർ നം. 207, 223, 224, 225, 226, 227 തീയതി. 5.8.17). എന്നാൽ ഇത് സംബന്ധിച്ച ചെലവ് രേഖകൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ചമ്പക്കുളം സാമൂഹിക ആരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ പൊതുജനങ്ങൾക്ക് ആരോഗ്യസംബന്ധമായ സേവനങ്ങൾ നൽകുന്നതിനായി 7 സബ്സെന്ററുകൾ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ ഭൂരിഭാഗവും ജീവനക്കാർ തന്നെ വാടക നല്കി എടുത്തിരിക്കുന്ന ചെറിയ മുറികളാണെന്നും 2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ ടി സെന്ററുകളിൽ വെള്ളം കയറി മുഴുവൻ ഫയലുകളും നശിച്ചുപോയെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ എല്ലാ വാർഡുകളിലെയും ശുചീകരണ പ്രവർത്തനങ്ങളുടെ ഫയലുകൾ സബ്സെന്ററിൽ സൂക്ഷിച്ചിരുന്നോയെന്ന് വ്യക്തമല്ല. ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾക്കായി തുക ചെലഴിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും ഫയലുകളും മെഡിക്കൽ ഓഫീസർ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും അല്ലാത്തപക്ഷം ആയവ പഞ്ചായത്തിൽ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-13 <u>വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ മുട്ടക്കോഴി വിതരണം പദ്ധതി- പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചില്ല</u>

സ.ഉ (എംഎസ്) നം. 80/2017/തസ്വഭവ തിയതി 3.4.17 പ്രകാരം വികസനസ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും, വെറ്റിനറി ഡോക്ടർ കൺവീനറും, ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മറ്റിയായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം. ഗ്രാമപഞ്ചായത്തിൽ പക്ഷിമൃഗാദികളെ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന മുട്ടക്കോഴിവിതരണം പ്രൊജക്ടിൽ പർച്ചേസിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനായി വാങ്ങുന്ന മൃഗങ്ങളുടെ പ്രായം, ഗുണനിലവാരം എന്നിവ വെറ്ററിനറി സർജൻ ഉറപ്പ് വരുത്തിയതായി കാണുന്നില്ല. വാങ്ങൽ പ്രക്രിയകളിൽ സുതാര്യതയും ഗുണമേൻമയും ഉറപ്പാക്കേണ്ടതാണ്, അതിനായി വാങ്ങൽ കമ്മറ്റിയുടെ മേൽനോട്ടം എല്ലാ വാങ്ങൽ പ്രവർത്തികളിലും ഉണ്ടാകേണ്ടതാണ്.

## 3-14 അങ്കണവാടികളുടെ പ്രവർത്തനം ഫലപ്രദമാക്കുവാൻ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 18 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 9 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം ഉള്ളപ്പോൾ 8 അങ്കണവാടികൾ വാടകകെട്ടിടത്തിലും ഒരെണ്ണം വാടകരഹിതമായുമാണ് പ്രവർത്തിക്കുന്നത്. എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ, കുടിവെള്ള സൌകര്യം, ടോയ്‌ലെറ്റ് (സാധാരണ), ചുറ്റുമതിൽ, ഫുഡ് കണ്ടെയ്നർ, തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങളുണ്ട്. എന്നാൽ ഒരു അങ്കണവാടികളിൽ പോലും ശിശുസൌഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിച്ചിട്ടില്ല. കുട്ടികളിൽ ആരോഗ്യപരമായ ടോയ്ലറ്റ് ശീലം വളർത്തിക്കൊണ്ടുവരാൻ മുഴുവൻ അങ്കണവാടികളിലും ശിശുസൌഹൃദ ടോയ്‌ലറ്റുകൾ സ്ഥാപിക്കേണ്ടതാണ്. എല്ലാ അങ്കണവാടികളിലും അങ്കണവാടി ലെവൽ മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മറ്റി രൂപികരിച്ച്, കമ്മറ്റി കൂടുന്നുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൌകര്യ വികസനത്തിനായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മുൻപാകെ നിർവ്വഹണോദ്യഗസ്ഥ അപേക്ഷകൾ ഒന്നും സമർപ്പിച്ചിട്ടില്ല. അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിക്കേണ്ടതാണ്. എന്നാൽ ഈ വിധത്തിലുള്ള ഇടപെടൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. അങ്കണവാടികളുടെ പ്രവർത്തനവും, ഭക്ഷണവിതരണവും, കുട്ടികളുടെ നിലവാരം, തുടങ്ങിയവ കാര്യക്ഷമമാക്കുവാൻ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 3-15 നോൺബാങ്കിംഗ് ട്രഷറി- നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്ലാൻ അക്കൗണ്ടിൽ (ബാങ്ക്) ശേഷിക്കുന്ന തുക തിരിച്ചടച്ചില്ല

12.4.2006 ലെ ജി.ഒ (പി) 177/2006/ധനം നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും പിൻവലിച്ചതും വിതരണം ചെയ്യാതെ 30 ദിവസത്തിലധികം

ബാങ്ക് അക്കൗണ്ടിൽ നിൽക്കുന്നതുമായ തുക/ഡി.ഡി എന്നിവ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. ആയതിനാൽ പ്രസ്തുത അക്കൗണ്ടുകളിൽ നീക്കിയിരുപ്പ് തുക കാണേണ്ടതല്ല. മാത്രമല്ല, നിലവിൽ ടി സംവിധാനം മാറ്റി ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നതിനാൽ പ്രസ്തുത അക്കൗണ്ടുകൾ ഉപയോഗിക്കേണ്ടതില്ല. എന്നാൽ ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിലവിലും താഴെ പറയുന്ന തുകകൾ നീക്കിയിരുപ്പുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് | അക്കൗണ്ട് നം. | 31.03.2018 ലെ നീക്കിയിരുപ്പ് |
|---|---|---|---|---|
| 1 | സെക്രട്ടറി | എസ്.ബി.ഐ | 57041065231 | 262914 |
| 2 | എച്ച്.എം | എസ്.ബി.ഐ | 57041065479 | 3249 |
| 3 | മെഡിക്കൽ ഓഫീസർ ഹോമിയോ | എസ്.ബി.ഐ | 57041065264 | 1181 |
| 4 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | എസ്.ബി.ഐ | 67297164406 | 3144 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | എസ്.ബി.ഐ | 57041065707 | 2998 |
| 6 | ഐ.സി.ഡി.എസ് | എസ്.ബി.ഐ | 57041065377 | 5591 |
| 7 | കൃഷി ഓഫീസർ | എസ്.ബി.ഐ | 67132518414 | 131741 |
| 8 | വി.ഇ.ഒ | എസ്.ബി.ഐ | 67010004518 | 25292 |
| 9 | അസിസ്റ്റന്റ് എഞ്ചിനിയർ | എസ്.ബി.ഐ | 67053769318 | 17937 |

പ്രസ്തുത കാലയളവിൽ ദേശസാത്കൃത ബാങ്കിൽ നിക്ഷേപിച്ച തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ (അനുബന്ധം.ബി:6) തയ്യാറാക്കിയിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള കണക്ക് വിവരം വ്യക്തമല്ല. നീക്കിയിരുപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള കണക്ക് വിവരം കൃത്യമായി തയ്യാറാക്കേണ്ടതും സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാനുള്ള തുക തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 100000 | അങ്കണവാടി ന്യൂട്രിഷൻ | 100000 | |
| | | 160000 | പാലിയേറ്റീവ് | 160000 | |
| | | 150000 | പാലിന് ഇൻസെന്റീവ് | 150000 | |
| ജില്ലാപഞ്ചായത്ത് | 2017-18 | 100000 | പാലിന് ഇൻസെന്റീവ് | 100000 | |

4-2. ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4. വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5340/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 17/A) | 340/- | ശ്രീ.എ.നൗഷാദ് | 117010100747/26/9/17 |
| 2013-14, 2014-15 | 3-11 | 5000 | കൃഷിഓഫീസർ | 117010100956/ 25/10/17 |
| ആകെ | | 5340/- | | |

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8. ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42893848 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40470260 |
| വരവിനങ്ങളിലുള്ള നഷ്ടം | 9625 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 42147 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 543715 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 9625 | | ശ്രീ.ആഷ്ലി നായർ,സെക്രട്ടറി |
| 3-3 | | 11401 | ശ്രീമതി.ബിന്ദുമോൾ.കെ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 22996 | ശ്രീമതി.ബിന്ദുമോൾ.കെ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 7750 | ശ്രീമതി.ബിന്ദുമോൾ.കെ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 9625 | 42147 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 530215 | ശ്രീ.രാജേഷ്.എസ്.ജെ, വി.ഇ.ഒ |
| 3-7 | 13500 | ശ്രീ.മനു.ടി.,എച്ച്.എം. |
| ആകെ | 543715 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിന്ദുമോൾ.കെ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ ചമ്പക്കുളം ഗ്രാമപഞ്ചായത്ത് | നരിയിൽ, മണ്ണഞ്ചേരി പി.ഒ, ആലപ്പുഴ |
| ശ്രീ.ആഷ്‌ലി നായർ, സെക്രട്ടറി | സെക്രട്ടറി, ചമ്പക്കുളം ഗ്രാമപഞ്ചായത്ത് | ശ്രീവിലാസ്, രാമങ്കരി.പി.ഒ. ആലപ്പുഴ |
| ശ്രീ.രാജേഷ്.എസ്.ജെ, വി.ഇ.ഒ | വി.ഇ.ഒ, തെക്കേക്കര, ചമ്പക്കുളം ഗ്രാമപഞ്ചായത്ത് | ഹരിശ്രീ നിവാസ്, കളർകോട്,ആലപ്പുഴ |
| ശ്രീ.മനു.ടി. എച്ച്.എം | വിരമിച്ചു | രചന, ചമ്പക്കുളം.പി.ഒ, ആലപ്പുഴ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ജി എ-5-1832/11/17.1.2002 |
| 1997-98 | എൽ എഫ് ജി എ-5-1832/11/21.1.2002 |
| 1998-99 | എൽ എഫ് ജി എ-5-1832/11/19.1.2002 |
| 1999-2000 | എൽ എഫ് ജി എ-5-1832/11/24.1.2002 |
| 2000-01 | എൽ എഫ് ജി എ-5-1832/11/24.1.2002 |
| 2001-02 | എൽ എഫ് ജി എ-5-1832/11/25.1.2002 |
| 2002-03 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2003-04 | എൽ എഫ് ജി എ-5-1832/11/23.1.2002 |
| 2004-05 | എൽ എഫ് ജി എ-5-1832/11/23.1.2002 |

| | |
|---|---|
| 2005-06 | എൽ എഫ് ജി എ-5-1832/11/31.1.2002 |
| 2006-07 | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2007-08 | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2008-09 മുതൽ<br>2010-11 വരെ | എൽ എഫ് ജി എ-5-1577/14/16.01.2014 |
| 2011-12 | എൽ.എഫ്.എ.പി.1/496/2014/04.07.2014 |
| 2012-13 | എൽ.എഫ്.എ.പി.1/130/15/21.04.2015 |
| 201314&2014-15 | കെ.എസ്.എ. എ.എൽ.പി.പി.1/ 1472/15/ 25.11.2015 |
| 2015-16 | കെ.എസ്.എ. എ.എൽ.പി.പി.1 |
| 2016-17 | കെ.എസ്.എ. എ.എൽ.പി.പി.1 *1130/2017/11.09.2017* |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

<u>അനുബന്ധം-1</u>

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(20)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com

തീയതി: 01.08.2018

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചമ്പക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം – 2</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ